## ശബാബ്

# ഗോൾഡൻ ജൂബിലി പ്രഖ്യാപന സമ്മേളനം

**2024 ഡിസം. 8 കോഴിക്കോട് കടപ്പുറം**




*Thanks*

**ISM KERALA**

CIG BUILDING, RM ROAD KOZHIKODE

www.shababweekly.in

മലയാളത്തിന്റെ ഇസ്‌ലാമിക വായനക്ക് അമ്പതാണ്ട്



# ശബാബ്

# ഗോൾഡൻ ജൂബിലി പ്രഖ്യാപന സമ്മേളനം

**2024 ഡിസം. 8 കോഴിക്കോട് കടപ്പുറം**




**കേ**രള മുസ്‌ലിംകളുടെ സാംസ്‌കാരിക മൂലധനത്തിൽ വലിയ സംഭാവനകൾ അർപ്പിക്കുവാൻ വിവിധ മുസ്‌ലിം സംഘടനകളുടെ മുൻകൈയ്യിൽ പുറത്തിറങ്ങുന്ന പ്രസിദ്ധീകരണങ്ങൾക്ക് സാധിച്ചിട്ടുണ്ട്. വൈജ്ഞാനികവും ബൗദ്ധികവുമായ ഒട്ടേറെ ചർച്ചകൾക്ക് വേദിയൊരുക്കാനും ആശയ പ്രചരണങ്ങൾക്ക് ചുക്കാൻ പിടിക്കാനും നിലപാടുകൾ രൂപീകരിക്കുന്നേടത്ത് ഏകീകരണം കൊണ്ടുവരാനും സാധിക്കുന്നുവെന്നതാണ് വാരികകളുടെ പ്രത്യേകത. ഇസ്‌ലാഹി പ്രബോധന വീഥിയിൽ നിറഞ്ഞുനിൽക്കുന്ന **ശബാബ് വാരിക** അച്ചടി ആരംഭിച്ചിട്ട് അരനൂറ്റാണ്ട് പിന്നിടുകയാണ്. 1975 ജനുവരി രണ്ട് വ്യാഴാഴ്ച ദ്വൈവാരികയായാണ് **ശബാബ്** ആദ്യം പുറത്തിറങ്ങുന്നത്. എട്ട് പേജുകളിൽ വായനക്കാരിലേക്ക് എത്തിയിരുന്ന **ശബാബ്** 1984ൽ 12 പേജുകളിലേക്ക് വളർന്നു. 1985 ജനുവരി നാലിന് ദ്വൈവാരികയിൽ നിന്ന് **ശബാബ് വാരിക**യായി മാറുകയും ചെയ്തു.

1975ൽ കോഴിക്കോട് ടൗൺഹാളിൽ വെച്ച് നടന്ന പരിപാടിയിലാണ് **ശബാബിന്റെ** ആദ്യപ്രതി പുറത്തിറങ്ങുന്നത്. ശൈഖ് മുഹമ്മദ് മൗലവിയിൽ നിന്ന് എവി അബ്ദുറഹിമാൻ ഹാജി ഏറ്റുവാങ്ങിയാണ് അതിന്റെ പ്രകാശനം നിർവഹിച്ചത്. അന്നുമുതൽ ഇന്നേവരെ അച്ചടി മുടങ്ങാതെ **ശബാബ്** വായനക്കാരുടെ കൈകളിൽ എത്തിയിട്ടുണ്ട്. **ശബാബിന്റെ** അരനൂറ്റാണ്ടു കാലത്തെ ജൈത്രയാത്ര കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെയും മുസ്‌ലിം വികാസത്തിന്റെയും ഉത്ഥാനത്തിന്റെയും ചരിത്രം കൂടിയാണ്. പ്രബോധന രംഗത്തെ സമരായുധവും വൈജ്ഞാനിക മേഖലയിലെ ജ്വലിക്കുന്ന നക്ഷത്രവുമാണ് **ശബാബ് വാരിക.** ഒരു യുവജന പ്രസ്ഥാനം പുറത്തിറക്കുന്ന അതിന്റെ മുഖപത്രം അമ്പതു വർഷം പൂർത്തിയാക്കുകയെന്നത് ചരിത്രത്തിലെ നാഴികക്കല്ലുകളിലൊന്നാണ്. ഈ ചരിത്ര നിമിഷത്തെ അവിസ്മരണീയമാക്കുവാൻ ഐ എസ് എം സംസ്ഥാന സമിതി തീരുമാനിച്ചിട്ടുണ്ട്. 2025ൽ ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ വിവിധ ഘടകങ്ങൾ **ശബാബിന്റെ ഗോൾഡൻ ജൂബിലി** പ്രവർത്തന പദ്ധതികൾ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു.

അതിന്റെ മുന്നോടിയായി **ശബാബ് ഗോൾഡൻ ജൂബിലി പ്രഖ്യാപന സമ്മേളനം 2024 ഡിസംബർ എട്ടിന് കോഴിക്കോട് കടപ്പുറത്ത് വെച്ച്** നടക്കും. 'മലയാളത്തിന്റെ ഇസ്‌ലാമിക വായനക്ക് അമ്പതാണ്ട്' എന്നതാണ് ഗോൾഡൻ ജൂബിലിയുടെ പ്രമേയം. ദേശീയ അന്തർദേശീയ തലങ്ങളിൽ നിന്നുള്ള പ്രമുഖ വ്യക്തിത്വങ്ങളും രാഷ്ട്രീയ നേതാക്കളും മാധ്യമപ്രവർത്തകരും ഈ ചടങ്ങിൽ സംബന്ധിക്കും. ഈ ചരിത്ര മുഹൂർത്തത്തിന് സാക്ഷിയാകുവാൻ താങ്കളെയും സ്നേഹപൂർവം ക്ഷണിക്കുന്നു.




മലയാളത്തിന്റെ
ഇസ്‌ലാമിക
വായനക്ക്
അമ്പതാണ്ട് 50